# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്(2)

**2023 ജൂലൈ 3**

---

## ബി.എഡ്; പി.ജി നാലാം സെമസ്റ്റർ പൂർത്തീകരിച്ചവർക്ക് താത്കാലികമായി പ്രവേശനം നേടാം

നാലാം സെമസ്റ്റർ പൂർത്തീകരിച്ച പി.ജി. വിദ്യാർഥികളിൽ മഹാത്മാ ഗാന്ധി സർവകലാശാലയുടെ ബി.എഡ് ഏകജാലക പ്രവേശനത്തിൽ ഒന്നാം അലോട്ട്മെന്റ് ലഭിച്ചവർക്ക് ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ഇന്നു(ജൂലൈ 4) വൈകുന്നേരം നാലു വരെ പ്രവേശനം നേടാമെന്ന് വൈസ് ചാൻസലർ അറിയിച്ചു. പ്രവേശന നടപടികൾ അവസാനിക്കുന്ന തീയതിക്കു മുൻപ് ടി.സി സമർപ്പിക്കാമെന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുക. ഈ പ്രവേശനം താത്കാലികവും കേസിൽ ഹൈക്കോതിയുടെ അന്തിമ വിധിക്ക് വിധേയവുമായിരിക്കും.

(പി.ആർ.ഒ/39/741/2023)

## പി.ജി; കമ്യൂണിറ്റി മെരിറ്റ് ക്വാട്ട; ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഏകജാലക പ്രവശനത്തിന്റെ കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിലെ ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.  അലോട്മെന്റ് ലഭിച്ചവർ നാളെ(ജൂലൈ അഞ്ച്) വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും.

(പി.ആർ.ഒ/39/742/2023)

## ബിരുദ ഏകജാലകം; മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

എം.ജി. സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഏകജാലക പ്രവേശനത്തിന്റെ മൂന്നാം ആലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.  മൂന്നാം അലോട്മെന്റ് ലഭിച്ചവരും ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശമെടുത്തവരും ജൂലൈ ഏഴിന് വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ നേരിട്ടെത്തി സ്ഥിര പ്രവേശനം എടുക്കണം. ഈ സമയത്തിനുള്ളിൽ സ്ഥിര പ്രവേശനം നേടാത്തവരുടെ അലോട്മെന്റ് റദ്ദാ

കും.

 പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക്  പ്രസ്തുത വിഭാഗത്തിനുള്ള ഒന്നാം പ്രത്യേക  അലോട്ട്മെന്റു വരെ താത്കാലിക പ്രവേശനത്തിൽ തുടരാം. (പി.ആർ.ഒ/39/743/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**